LIBRARY ARCHIVES Kerala Legislative Assembly

പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ

31 (2240) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ നഗരസഭയിലെ പൂക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഈ വിഷയമുന്നയിച്ച് വിവിധ സംഘടനകൾ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കിടത്തി ചികിത്സയ്ക്കായി 2010 കാലയളവിൽ കെട്ടിടം പണി തീർന്നു. ഇതിൽ ഇപ്പോൾ എൻ.ആർ.എച്ച്.എം., എൽ.എസ്.ജി. ലാബും ഡിസ്ട്രിക്ട് വെക്ടർ കൺട്രോൾ യൂണിറ്റും പെയിൻ ആന്റ് പാലിയേറ്റീവ്, കോൺഫറൻസ് ഹാൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

കിടത്തി ചികിത്സയ്ക്കായി ഡോക്ടർമാരെ ഉൾപ്പെടെ അധിക തസ്തികകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്വകാര്യ ലാബ് തുടങ്ങുന്നതിനുള്ള ലൈസൻസ്

32 (2241) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ലാബ് തുടങ്ങുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ ; ഒരു ഷോപ്പ് ലൈസൻസ് മാത്രമുണ്ടെങ്കിൽ ലാബുകൾ തുടങ്ങാമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വകാര്യ ലാബുകൾ പരിശോധനകൾക്ക് തോന്നിയതുപോലെ നിരക്ക് ചുമത്തുന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ നിരക്ക് നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ;